പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2016-2019)

## മൂന്നാമത് റിപ്പോർട്ട്

**(കോവളം-വിഴിഞ്ഞം ഏരിയ ഡെവലപ്മെന്റ് സ്കീം സംബന്ധിച്ച കരട് റിപ്പോർട്ടിന്മേലുള്ള സമിതിയുടെ റിപ്പോർട്ട്)**

(2017 മേയ് 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2016-2019)

## മൂന്നാമത് റിപ്പോർട്ട്

**(കോവളം-വിഴിഞ്ഞം ഏരിയ ഡെവലപ്മെന്റ് സ്കീം സംബന്ധിച്ച കരട് റിപ്പോർട്ടിന്മേലുള്ള സമിതിയുടെ റിപ്പോർട്ട്)**

(2017 മേയ് 24- ാം തീയതി സഭയിൽ സമർപ്പിച്ചത്)

800/2017.

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | *പേജ്* |
| സമിതിയുടെ ഘടന | | .. | v |
| ആമുഖം | | .. | ix |
| അദ്ധ്യായം I | : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II | : സമിതിയുടെ ശിപാർശ | .. | 3 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)

## ഘടന

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. മുല്ലക്കര രത്നാകരൻ.

<u>അംഗങ്ങൾ :</u>

ശ്രീ. അനിൽ അക്കര

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. ഒ. ആർ. കേളു

ശ്രീ. പി. ടി. എ. റഹീം

ശ്രീ. കെ. എം. ഷാജി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എം. വിൻസെന്റ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. എസ്. അനസ്, അഡീഷണൽ സെക്രട്ടറി

ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

പരിസ്ഥിതി സംബന്ധിച്ച സമിതി (1998-2000)യുടെ 16-ാമത് റിപ്പോർട്ടിലെ 2-ാം നമ്പർ ശിപാർശയിൽ കോവളം-വിഴിഞ്ഞം ഏരിയ ഡെവലപ്മെന്റ് സ്കീം പുതുക്കുമ്പോൾ കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ശിപാർശകൂടി കണക്കിലെടുക്കണമെന്ന സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ ആസൂത്രണ പദ്ധതിയുടെ കരട് 5-1-2017-ൽ സമിതി പരിഗണിക്കുകയുണ്ടായി. സ്കീമിന്റെ കരട് സംബന്ധിച്ച് സമിതിയുടെ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളുമടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2017 മേയ് 22-ന് കൂടിയ സമിതിയോഗം അംഗീകരിച്ചു.

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 മേയ് 22.

## ആമുഖം

കടലോര ടൂറിസം രംഗത്തെ കേരളത്തിന്റെ അന്താരാഷ്ട്രമുഖമാണ് കോവളം. ഒരുകാലത്ത് കേരളത്തിന്റെ കടലോര ടൂറിസ്റ്റ് കേന്ദ്രം കോവളം മാത്രമായിരുന്നു. എന്നാൽ കോവളത്തിന് രണ്ട് കിലോമീറ്റർ മാത്രം ദൂരപരിധിയിൽ നിർമ്മാണത്തിലിരിക്കുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, കോവളം എന്ന അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രത്തിന്റെ സാധ്യതകളെ ബാധിക്കുമെന്ന ആശങ്ക സജീവമായി നിലനിൽക്കുന്നു. അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ, ശുചിത്വമില്ലായ്മ, തീരത്തിന്റെ പോരായ്മകൾ, പ്രകൃതിക്കിണങ്ങാത്ത വികസന പ്രവർത്തനങ്ങൾ എന്നിവ കോവളത്തിന്റെ സ്വാഭാവിക സൗന്ദര്യം നഷ്ടപ്പെടുത്തുന്നു. ആറുമാസം നീണ്ടുനിന്നിരുന്ന വിനോദസഞ്ചാര സീസൺ ഇപ്പോൾ രണ്ട് മാസമായി ചുരുങ്ങിയെന്നതും കോവളം ടൂറിസ്റ്റ് കേന്ദ്രത്തിന്റെ നിലനില്പ് ആശങ്കയിലാക്കുന്നു. വിദേശ ടൂറിസ്റ്റുകളുടെ വരവാണ് കോവളത്തിന് അന്താരാഷ്ട്ര പ്രശസ്തി നൽകിയിരുന്നത്. ഇന്ന് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം കാര്യമായി കുറഞ്ഞിരിക്കുന്നു. ആഭ്യന്തര ടൂറിസ്റ്റുകളാണ് ആ സ്ഥാനം കയ്യടക്കിയിരിക്കുന്നത്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഭാഗമായി ക്രൂസ് ടെർമിനൽ വരുമ്പോൾ അന്താരാഷ്ട്ര ക്രൂസ് ടൂറിസം മാർക്കറ്റിന്റെ ഒരു ഭാഗം കേരളത്തിലേക്ക് ആകർഷിക്കാമെന്ന പ്രതീക്ഷ നിലനിൽക്കുന്നു. കോവളത്തിന്റെ നിലവിലുള്ള പരിസ്ഥിതിക്ക് ആഘാതം ഏൽപ്പിക്കാത്ത തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തി കോവളത്തെ പ്രകൃതിരമണീയമായ വിനോദസഞ്ചാര കേന്ദ്രമായും വിഴിഞ്ഞത്തെ അന്താരാഷ്ട്ര തുറമുഖമായും നിലനിർത്തേണ്ടതുണ്ട്. കോവളം പ്രദേശത്തെ ജനങ്ങളുടെ ഉപജീവനമാർഗ്ഗമായ മത്സ്യബന്ധന മേഖലയ്ക്കോ, കാർഷിക മേഖലയ്ക്കോ ദോഷകരമാകാത്ത പരിസ്ഥിതി സൗഹൃദവികസനം മുന്നിൽ കണ്ടാണ് സമിതി ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

## അദ്ധ്യായം I

## റിപ്പോർട്ട്

കോവളം വിനോദസഞ്ചാര മേഖലയിൽ വളരെയധികം പാരിസ്ഥിതിക പ്രശ്നങ്ങൾ നിലനിൽക്കുന്നതായി പരാതിപ്പെട്ട് പരിസ്ഥിതി സംബന്ധിച്ച സമിതിക്ക് ലഭ്യമായ നിവേദനങ്ങളിന്മേൽ സമിതി നടത്തിയ പഠനങ്ങളുടെയും തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതി (1998-2000)യുടെ 16-ാമത് റിപ്പോർട്ടിലെ 2-ാം നമ്പർ ശിപാർശയിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ, കോവളം ബീച്ച് ഏരിയ ഉൾപ്പെട്ട പ്രദേശത്തിനായി തയ്യാറാക്കുന്ന കോവളം-വിഴിഞ്ഞം ഏരിയ ഡെവലപ്മെന്റ് സ്കീമിന്റെ കരട് (റിവൈസ്ഡ്) സംബന്ധിച്ച് കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അഭിപ്രായം തേടുമെന്ന് വ്യക്തമാക്കിയിരുന്നു. അതനുസരിച്ച് വകുപ്പ് സമിതിക്ക് ലഭ്യമാക്കിയ കരട് ആസൂത്രണ പദ്ധതി സംബന്ധിച്ച് സമിതി 5-1-2017-ൽ തദ്ദേശസ്വയംഭരണം, റവന്യൂ, മത്സ്യബന്ധനവും തുറമുഖവും, വിനോദസഞ്ചാരം, ശാസ്ത്രസാങ്കേതികം, പരിസ്ഥിതി എന്നീ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

കോവളം-വിഴിഞ്ഞം മേഖലയിലെ ടൂറിസം, തുറമുഖ പ്രവർത്തനങ്ങൾ, മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയെ സഹായിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ കോവളം ടൂറിസം പ്രമോഷനുവേണ്ടി ഒരു വികസന പദ്ധതിക്ക് 1978-ൽ സർക്കാർ അനുമതി നൽകിയിരുന്നു. മേഖലയിലെ പാരിസ്ഥിതിക പവിത്രത സംരക്ഷിച്ചുകൊണ്ട് കോവളം-വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്.

കോവളം-വിഴിഞ്ഞം ഏരിയ ഡെവലപ്മെന്റ് സ്കീമിന്റെ പുതുക്കിയ കരട് റിപ്പോർട്ടിൽ ടൂറിസത്തെക്കുറിച്ചല്ലാതെ വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് പ്രാമുഖ്യം കൊടുത്തിട്ടില്ല എന്നതും 2011 മുതലുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2015 ലാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത് എന്നതും സമിതി ഗൗരവമായി കാണുന്നു. വിഴിഞ്ഞം തുറമുഖം പ്രവർത്തനം ആരംഭിക്കുമ്പോൾ കോവളം പ്രദേശത്തിനുണ്ടാകാവുന്ന വികസനവും മാറ്റവും സമഗ്രമായി പരിശോധിച്ച് അക്കാര്യം സ്കീമിൽ ഉൾപ്പെടുത്താനായിട്ടില്ല എന്നും, ഭൂവിനിയോഗവുമായി ബന്ധപ്പെട്ട് സ്കീമിലെ വിവരങ്ങൾ തുറമുഖ വികസനം കണക്കിലെടുക്കുമ്പോൾ കൃത്യമായിരിക്കില്ല എന്നും സമിതി വിലയിരുത്തുന്നു. വിഴിഞ്ഞം തുറമുഖം നിലവിൽ വരുമ്പോഴുണ്ടാകാവുന്ന വർദ്ധിച്ച ജനസാന്ദ്രതയും, കുടിവെള്ള വിതരണം, മാലിന്യ നിർമ്മാർജ്ജനം, പാർക്കിംഗ്, എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യ വികസനത്തിന്റെ ആവശ്യവും പരിഗണിക്കുമ്പോൾ സ്കീമിലെ ഭൂവിനിയോഗക്രമം യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു.

1978-ൽ വിഭാവനം ചെയ്ത കോവളം-വിഴിഞ്ഞം വികസന പദ്ധതിയുടെ ലക്ഷ്യം കോവളത്തെ ഒരു പ്രധാന വിനോദസഞ്ചാരകേന്ദ്രമായും വിഴിഞ്ഞത്തെ ഒരു പ്രധാന മത്സ്യബന്ധന തുറമുഖമായും വികസിപ്പിക്കുക എന്നതായിരുന്നു. എന്നാൽ കോവളത്തിന്

ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലും അതിന്റെ പ്രകൃതിദത്തമായ മനോഹാരിത നിലനിർത്തുന്നതിലും സംഭവിച്ചിട്ടുള്ള അനാസ്ഥയുടെ ഫലമായി അന്തർദ്ദേശീയ ടൂറിസ്റ്റ് കേന്ദ്രമെന്ന പദവി കോവളത്തിന് നഷ്ടപ്പെടുന്ന അവസ്ഥയാണ് ഇന്നുള്ളത് എന്നതിനാൽ പ്രസ്തുത മേഖലയുടെ സ്വാഭാവികമായ സൗന്ദര്യവും പരിസ്ഥിതിയും പുനഃസ്ഥാപിക്കുന്നതിന് ശാസ്ത്രീയമായ ഇടപെടൽ അനിവാര്യമായിരിക്കുന്നു എന്നും സമിതി നിരീക്ഷിക്കുന്നു.

വിനോദസഞ്ചാര വികസന പരിപാടികൾ ഫലപ്രദമാകുന്നില്ല എന്നതിന് ഉദാഹരണമാണ് വെള്ളാറിലെ ക്രാഫ്റ്റ് വില്ലേജ്. വെള്ളാറിൽ കോടികൾ ചെലവഴിച്ച് നിർമ്മിച്ച ക്രാഫ്റ്റ് വില്ലേജിലേക്ക് വിനോദസഞ്ചാരികൾ എത്തുന്നില്ല എന്നത് സമിതിയോഗത്തിൽ വ്യക്തമാക്കപ്പെട്ടു. ഇവിടേക്ക് വിനോദസഞ്ചാരികളെ എത്തിക്കുന്നതിനും ക്രാഫ്റ്റ് വില്ലേജ് പോലുള്ളവ ഉപയോഗപ്പെടുത്തുന്നതിനും ഓഫ് സീസണുകൾ സജീവമാക്കുന്നതിനും കേരളത്തിന്റെ തനതായ കലകൾ സഞ്ചാരികളുടെ മുന്നിൽ അവതരിപ്പിക്കുന്നതിനുമുള്ള സംവിധാനങ്ങൾ സർക്കാർ മുൻകൈയെടുത്ത് ഏർപ്പെടുത്തണമെന്നും സമിതിക്ക് അഭിപ്രായമുണ്ട്.

വിഴിഞ്ഞം തുറമുഖത്തിന്റെ ഭാഗമായുള്ള ക്രൂസ് ടെർമിനൽ അന്താരാഷ്ട്ര ക്രൂസ് ടൂറിസത്തിന്റെ മാർക്കറ്റ് കേരളത്തിലേയ്ക്ക് ആകർഷിക്കാൻ സഹായകരമാകുമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി മനസ്സിലാക്കി. ഇക്കാര്യത്തിൽ ശാസ്ത്രീയമായ ആസൂത്രണം നടത്തി പാരിസ്ഥിതിക പ്രശ്നങ്ങൾ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനമാരംഭിക്കുമ്പോൾ കോവളം പ്രദേശത്ത് വർദ്ധിക്കാനിടയുള്ള ജനസാന്ദ്രത കണക്കിലെടുത്ത് മാലിന്യസംസ്കരണം, ജലവിതരണം, വൈദ്യുതി തുടങ്ങിയവയ്ക്കെല്ലാം പര്യാപ്തമായ വിധത്തിലുള്ള സംവിധാനങ്ങൾ സമഗ്രവും ശാസ്ത്രീയവുമായ രീതിയിൽ നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പരിസ്ഥിതിക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വികസന പ്രവർത്തനം മാത്രമേ നിലനിൽക്കു എന്നതിനാൽ കോവളം-വിഴിഞ്ഞം പ്രദേശത്ത് താമസിക്കുന്നവരുടെയും തൊഴിലെടുക്കുന്നവരുടെയും ജീവിത സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള ശാസ്ത്രീയമായ പരിസ്ഥിതി സംരക്ഷണം നടപ്പിലാക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

സ്കീമിൽ കാർഷിക മേഖലയ്ക്കായി മാറ്റിവച്ചിരിക്കുന്ന 23% ഭൂമി അപര്യാപ്തമാണെന്നും മതിയായ ഓക്സിജൻ കിട്ടണമെങ്കിൽപോലും ഇതിനെക്കാൾ കൂടുതൽ സ്ഥലത്ത് മരങ്ങളും പച്ചപ്പും കൃഷിയും ആവശ്യമാണെന്നതുമാണ് സമിതിയുടെ അഭിപ്രായം. പല വികസിത രാജ്യങ്ങളിലുമുള്ള വൻകിട വ്യവസായ സ്ഥാപനങ്ങളുടെയും പ്രമുഖ നഗരങ്ങളുടെയും പരിസരങ്ങളിൽ ഉള്ള കൃഷിത്തോട്ടങ്ങളും കൃത്രിമ വനങ്ങളും നഗരങ്ങളുടെ ശ്വാസകോശങ്ങളായി വർത്തിക്കുന്നുവെന്ന യാഥാർത്ഥ്യം നാം കാണാതെ പോകരുതെന്നും കാർഷിക മേഖലയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വികസനമാണ് അത്യാവശ്യമായിട്ടുള്ളതെന്നും സമിതി അഭിപ്രായപ്പെടുന്നു.

കരട് സ്കീമിലെ വിവരങ്ങൾ പ്രകാരം കൃഷി, റോഡ്, ഗതാഗതം, പാർക്കിംഗ് എന്നീ കാര്യങ്ങളിൽ പോരായ്മകൾ ഉള്ളതായും നിലവിലെ സാഹചര്യത്തിൽ സ്കീം വിഭാവനം ചെയ്യുന്ന 'ഗ്രീൻ ഡെവലപ്മെന്റ് ' എന്നത് യാഥാർത്ഥ്യമാക്കുന്നതിന് ശാസ്ത്രീയമായ ആസൂത്രണം ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ശരിയായ രീതിയിലുള്ള മാലിന്യ നിർമ്മാർജ്ജനത്തിന്റെ അഭാവം കടുത്ത പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നും പദ്ധതികൾ നടപ്പിലാക്കുമ്പോൾ സാധാരണ മനുഷ്യരുടെ ജീവിതത്തിന് അതീവ പ്രാധാന്യം കൊടുക്കേണ്ടതുണ്ടെന്നും സമിതി വിലയിരുത്തുന്നു. ആത്യന്തികമായി ലോകത്തുണ്ടാകുന്ന എല്ലാ പുരോഗതിയും മനുഷ്യനു വേണ്ടിയാണെങ്കിലും ഒരു ഭാഗത്ത് ഗുണമുണ്ടാകുമ്പോൾ മറുഭാഗത്ത് ദോഷമുണ്ടാകാൻ പാടില്ല എന്നതാണ് സമിതിയുടെ കാഴ്ചപ്പാട്.

കൃത്യമായതും, യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുന്നതുമായ ആസൂത്രണമില്ലാതെ പദ്ധതികൾ നടപ്പാക്കുകയും പിന്നീട് അവയെ അവഗണിക്കുന്നതുമായ പതിവ്ശൈലി കോവളം-വിഴിഞ്ഞം പദ്ധതിയുടെ കാര്യത്തിൽ ആവർത്തിക്കരുതെന്നും വികസനവും പരിസ്ഥിതിസംരക്ഷണവും പരസ്പര പൂരകങ്ങളായിരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖമെന്ന കേരളത്തിന്റെ സ്വപ്നപദ്ധതി യാഥാർത്ഥ്യമാക്കുന്നതോടൊപ്പം വിദേശ ടൂറിസ്റ്റുകളുടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെയും സ്വർഗ്ഗമായ കോവളത്തെ പാരിസ്ഥിതിക പ്രശ്നങ്ങളിൽ നിന്നും സംരക്ഷിച്ച് പരിസ്ഥിതി സൗഹൃദ വികസനത്തിന്റെ കാഴ്ചപ്പാടും ആസൂത്രണവും രൂപപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു.

## <u>അദ്ധ്യായം II</u>

## ശിപാർശ

സമിതിയുടെ മേൽനിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കരട് സ്കീമിൽ ആവശ്യമായ ഭേദഗതി വരുത്തി നടപ്പിലാക്കണമെന്ന ശിപാർശയോടെ കോവളം-വിഴിഞ്ഞം ഏരിയ ഡെവലപ്മെന്റ് സ്കീമിന്റെ കരട് സമിതി അംഗീകരിക്കുന്നു.

**മുല്ലക്കര രത്നാകരൻ,**
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 മേയ് 22.

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.